DESPATCHED On...19/02/22...



14.02.22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ AP No.1962(4)/2020/എസ്.ഐ.സി.

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.14552/എസ്.ഐ.സി-ജി 2/2020)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

(തീയതി 14.02.2022)

ശ്രീമതി. കെ. ഗൗരി,
റീഷ നിവാസ്,
ഐക്കൽ പി.ഒ,
പാപ്പിനിശ്ശേരി, കണ്ണൂർ- 670 561.

അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജൂനിയർ സൂപ്രണ്ട് (സി) സെക്ഷൻ,
താലൂക്ക് ഓഫീസ്, കണ്ണൂർ.

എതിർകക്ഷികൾ

2. അപ്പീൽ അധികാരി &
തഹസീൽദാർ (ഭൂരേഖ),
താലൂക്ക് ഓഫീസ്, കണ്ണൂർ.

## ഉത്തരവ്

ടി അപ്പീൽ ഹർജിയിൽ 30.10.2021 ന് കമ്മീഷൻ താൽക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്. ടി ഉത്തരവിൽ പറയുന്നത് ഇപ്രകാരമാണ്. "2019 ലെ ഫയൽ കണ്ടുപിടിക്കാൻ കഴിഞ്ഞില്ല എന്ന ഒന്നാം എതിർകക്ഷിയുടെ വാദം വിശ്വസനീയമല്ല. ആയതുകൊണ്ട് ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ ടി ഫയൽ കണ്ടെത്തി അപ്പീൽ ഹർജിക്കാരിക്ക് കൃത്യവും പൂർണ്ണവുമായ വിവരങ്ങളും, രേഖകളുടെ പകർപ്പുകൾ

ആവശ്യമുണ്ടെങ്കിൽ ആയതും ഒന്നാം എതിർകക്ഷി നൽകേണ്ടതും, ടി വിവരം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. അതോടൊപ്പം, യഥാസമയം ഇത് നൽകാതിരുന്നതിന് നടപടിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ, ആയതും മേൽപറഞ്ഞ കാലയളവിനുള്ളിൽ കമ്മീഷന് ലഭ്യമാക്കേണ്ടതാണ്."

2. 30.10.2021 ലെ ഉത്തരവ് 12.11.2021 ൽ കമ്മീഷൻ ഓഫീസിൽ നിന്ന് തപാൽ മാർഗം അയച്ചിട്ടുള്ളതാണ്. ഇതനുസരിച്ച് 2021 നവമ്പർ മാസം തീരുന്നതിന് മുമ്പുതന്നെ ഉത്തരവ് നടപ്പാക്കിയ വിവരം ഒന്നാം എതിർകക്ഷി കമ്മീഷനെ അറിയിക്കേണ്ടതായിരുന്നു.

3. എന്നാൽ, 15 ദിവസത്തിനുള്ളിൽ വിവരങ്ങൾ നൽകണമെന്നും, ടി വിവരം കമ്മീഷനെ അറിയിക്കണമെന്നും നിർദ്ദേശിച്ചിട്ട് മൂന്നുമാസം ആകുമ്പോഴും, ഒന്നാം എതിർകക്ഷി കമ്മീഷനെ ഒരു വിവരവും അറിയിച്ചിട്ടില്ല. എന്നുപറഞ്ഞാൽ, കമ്മീഷൻ ഉത്തരവ് ഒന്നാം എതിർകക്ഷി പൂർണ്ണമായും നിരാകരിച്ചിരിക്കുന്നു എന്നുവേണം കരുതാൻ. ഇൻഡ്യൻ പാർലമെന്റ് ഏകകണ്ഠമായി പാസാക്കിയ വിവരാവകാശ നിയമവും, അതിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട വിവരാവകാശ കമ്മീഷനും തന്റെ മുമ്പിൽ ഒന്നുമല്ല എന്നാണ് ഒന്നാംഎതിർകക്ഷി കരുതുന്നത് എന്ന് കമ്മീഷൻ അനുമാനിക്കുന്നു. ഒന്നാംഎതിർകക്ഷിയുടെ നിയമവിരുദ്ധവും ധിക്കാരപരവുമായ ഈ സമീപനം അംഗീകരിക്കാൻ കഴിയുന്നതല്ല. അതുകൊണ്ടുതന്നെ നടപടി ആവശ്യപ്പെടുന്നതുമാണ്.

4. ആയതുകൊണ്ട് ടി ഒന്നാം എതിർകക്ഷിയെ കമ്മീഷൻ വിവരാവകാശ നിയമം 20(1) വകുപ്പ് പ്രകാരം ശിക്ഷിക്കാനും, 20(2) വകുപ്പ്പ്രകാരം ടിയാൾക്കെതിരെ അച്ചടക്ക നടപടിക്ക് വകുപ്പ് മേധാവിയോട് ശുപാർശ ചെയ്യാനും കമ്മീഷൻ തീരുമാനിക്കുന്നു. ശിക്ഷാ നടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ, ആയത് നേരിട്ടോ, രേഖാമൂലമോ ടി ഒന്നാം എതിർകക്ഷിക്ക് 05.03.2022 നകം കമ്മീഷനെ ബോധ്യപ്പെടുത്താവുന്നതാണ്. മേൽപറഞ്ഞ കാലയളവിനുള്ളിൽ ടിയാളുടെ വിശദീകരണമൊന്നും ലഭിക്കുന്നില്ലായെങ്കിൽ, ടിയാൾക്ക് ഇക്കാര്യത്തിൽ കൂടുതലൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ, കമ്മീഷൻ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

5. മേൽപറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിൻ ഇന്നേദിവസം 14.02.2022 ന് താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re